# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1076 28.04.2017 -ലെ മറുപടി

## ഭൂതത്താൻ കെട്ട് റിസർവോയറും പുഴകളും സംരക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുഴ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.<br><br>ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ വകുപ്പാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അറവു ശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്.<br><br>സീവേജ് മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സിവറേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും |

ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രശ്ന പരിഹാരത്തിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ചുവരുന്നു.

(ബി) പെരിയാറിന്റെ ഭാഗമായ ഭൂതത്താൻ കെട്ട് റിസർവോയറിലും അനുബന്ധ നദിയായ കുട്ടമ്പുഴയാറിലും വ്യാപകമായി ഒരു പ്രത്യേക തരം പായൽ വളർന്നു വരുന്നതും പുഴ മലിനമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂതത്താൻകെട്ട് റിസർവോയറും കുട്ടമ്പുഴയാറും സംരക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ